ആധുനിക സർവ്വേ സംവിധാനങ്ങൾ

5(*395) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ഉണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങളായ ETS, GPS എന്നിവ ഉപയോഗിച്ച് സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൃത്യതയോടെയും വളരെ വേഗത്തിലും, റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും റിക്കാർഡുകൾ നശിച്ചു പോകാതെ സൂക്ഷിക്കുവാനും സാധിക്കുന്നു. കമ്പ്യൂട്ടറിൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിനാൽ ഡേറ്റ സൂക്ഷിക്കുവാനും ആവശ്യാനുസരണം പ്രിന്റുകൾ എടുക്കുവാനും സാധിക്കുന്നു.

(സി) ഓരോ കൈവശക്കാരനും അവരവരുടെ ഭൂമിയെ സംബന്ധിച്ച് വളരെ കൃത്യതയോടെ വിവരങ്ങൾ ലഭ്യമാക്കാനും കൂടാതെ റീസർവ്വേ ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും സാധിക്കുന്നു.

(ഡി) റീസർവെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ ഭൂമികേരളം പ്രോജക്ട് മുഖാന്തിരം ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ജോലികൾ പൂർത്തിയാക്കാനും ഡിജിറ്റൈസ് ചെയ്യാത്ത മുഴുവൻ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly